LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ പൊതുക്കടം

34 [209] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുക്കടം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 2004 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുക്കടം എത്രയാണ്;

(സി) പൊതുക്കടം വർദ്ധിച്ചിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം വിദേശ ഏജൻസികളിൽ നിന്നും എത്ര തുക വീതം കടം എടുത്തിട്ടുണ്ട്;

(ഇ) സംസ്ഥാനം എടുത്തിട്ടുള്ള പൊതുക്കടങ്ങൾക്കെല്ലാം കൂടി പ്രതിവർഷം എത്ര തുക പലിശ അടയ്ക്കേണ്ടിവരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-4-2001-ൽ സംസ്ഥാന സർക്കാരിന്റെ പൊതുക്കടം 23,919 കോടി രൂപ ആയിരുന്നു.

(ബി) 30-11-2004 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ എ.ജി. ക്രോഡീകരിച്ചിട്ടുള്ളൂ. ടി താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ പൊതുക്കടം 40,191.37 കോടി രൂപയാണ്.

(സി) വർദ്ധിച്ചുവരുന്ന പദ്ധതിച്ചെലവുകൾക്കായി കടമെടുക്കുന്നതും വൈദ്യുതി ബോർഡിന്റെ ബാദ്ധ്യത ഏറ്റെടുത്തതുമൂലമുണ്ടായ കടമെടുപ്പും മുൻകാലങ്ങളിലെ ബാദ്ധ്യതകൾ തീർത്തതിനാലും വിദ്യാഭ്യാസ മേഖലയിൽ പുതിയതായി അധിക തസ്തികകൾ സൃഷ്ടിച്ചതിനാലുണ്ടായ അധികച്ചെലവുമൂലം റവന്യൂ അക്കൗണ്ടിൽ വന്ന കമ്മി നികുത്തുന്നതിനായി കടമെടുത്തതുമാണ് പൊതുക്കടം വർദ്ധിക്കാനുള്ള കാരണം.

(ഡി) സംസ്ഥാന സർക്കാർ വിദേശ ഏജൻസികളിൽ നിന്നും നേരിട്ടു കടം എടുക്കാറില്ല. വിദേശ വായ്പ കേന്ദ്ര സർക്കാർവഴി വിദേശ സഹായ പദ്ധതികൾക്കായിട്ടുള്ള അധിക കേന്ദ്ര സഹായമായിട്ടാണ് ലഭിക്കാറുള്ളത്.

(ഇ) 2003-04 സാമ്പത്തിക വർഷത്തിൽ പലിശയിനത്തിൽ ചെലവായ തുക 3328.30 കോടി രൂപയാണ്.

വിവേ സമാഹരണത്തിനായുള്ള ഫീസ് വർദ്ധന

35 [210] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അധിക വിവേ സമാഹരണത്തിനായി നിലവിലുള്ള ഫീസ്/ചാർജ്ജുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മേഖലകളിലെന്ന് വെളിപ്പെടുത്തുമോ;